Subhash S (Ex. IAF)
Gallery
Poundkadavu
Valiyaveli-PO
Trivandrum-21

The Sub Inspector of Police
Police Station, Thumba

29 Jul 2002

Respected Sir,

**PROTECTION FROM INTENTIONAL TORTURING WITH LOUDSPEAKERS IN RESIDENTIAL / SILENCE ZONE**

Poundkadavu Residents Welfare Association (Reg No:T 3905/2000) അംഗമായ എന്റെ ഈ എളിയ പരാതി സ്വീകരിച്ച് അർഹിക്കുന്ന പരിഗണനയോടെ നടപടികൾ കൈക്കൊണ്ട് സഹായിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

ജനങ്ങളുടെ മാനസിക-ശാരീരിക ആരോഗ്യത്തിന് ഹാനികരമായത് കാരണം ബഹുമാനപ്പെട്ട സുപ്രീം കോടതി നിരോധിച്ച, കോളാമ്പികൾ ഉപയോഗിച്ചുള്ള കോരാളംകുഴി ലക്ഷംവീട് കോളനിയിലെ ചില കക്ഷികളുടെ ഗുരുമന്ദിരത്തിലെ **(Silence Area/Zone -** Areas comprising 100 meter around religious places**)** Torturing, സമീപവാസികൾക്കൊരു ശാപമായി തീർന്നിരിക്കുന്നു.

അന്യ റസിഡന്റ്സ് മേഘലയിൽ (Poundkadavu Residents Welfare Association & Kairali Nagar Residents Association) സമാധാനമായി താമസിക്കുന്നവരെ, ഇതിന്റെ ദൂഷ്യഫലങ്ങൾ ഒട്ടുംതന്നെ അനുഭവിക്കാതെ അകലെ കോരാളംകുഴി ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ചില കക്ഷികൾ, കുട്ടികളെ Loudspeaker Operator ആയി നിർത്തി, കഴിഞ്ഞ 3 മാസം (15 Apr 2002 - 16 Jul 2002) നിശബ്ദമായിരുന്ന കോളാമ്പികൾ വീണ്ടും തോന്നിയ വിധം പ്രവർത്തിപ്പിച്ച്, ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിനേയും, ഉത്തരവ് നടപ്പിലാക്കാനായി കേരള ഹൈകോടതി നിർദ്ദേശ പ്രകാരം വിവിധ സോണുകളായി തിരിച്ചുകൊണ്ടുള്ള, Kerala Govt. Gazette Notification Reg No. KL/TV/(N)/12/2002, Vol.XLVII, No.512, G.O.(P) No.64/02 dated 20 Apr 2002-നേയും തെല്ലും വകവയ്ക്കാതെ, സ്വന്തം ഭവനങ്ങളിൽ **(Residential Area/Zone)** സ്വകാര്യതയിൽ സ്വൈര്യമായി കഴിയാനുള്ള **മനുഷ്യാവകാശത്തിൽ** കടന്നുകയറ്റം നടത്തി മനഃപൂർവ്വം പീഡിപ്പിക്കുന്നു.

പ്രായഭേദമന്യേ രക്തസമ്മർദ്ദം, ഹൃദ്രോഗം, മാനസിക പിരിമുറുക്കം, കേൾവി സംബന്ധമായ അസുഖങ്ങൾ, കുട്ടികളുടെ പഠന നിലവാര തകർച്ച എന്നിവയ്ക്കെല്ലാം കാരണമാകുന്നു എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതിനാൽ, ജനങ്ങളുടെ മാനസിക-ശാരീരിക ആരോഗ്യ സംരക്ഷണം മുൻനിർത്തി ബഹുമാനപ്പെട്ട സുപ്രീം കോടതി നിരോധിച്ച കോളാമ്പികൾ കൊണ്ടുള്ള Torturing സഹിക്കാനാവാതെ Police Station-ലെ സഹായം തേടിയാൽ രണ്ടോ, മൂന്നോ ദിവസം Volume-ഉം Duration-ഉം കുറച്ച ശേഷം, ക്രമേണ ശബ്ദശല്ല്യം പൂർവ്വാധികം വർദ്ധിപ്പിക്കുകയും, **Revenge** ആയി നാട്ടുകാരെ മുഴുവൻ വിഢികളാക്കി ഏതെങ്കിലും അനാവശ്യ നിസാര പരിപാടികൾ തട്ടിക്കൂട്ടി നിയമത്തിന്റെ പരിധിക്കുള്ളിലെന്ന് ബോദ്ധ്യപ്പെടുത്തും വിധം Mic Order-ഉം Loudspeakers-ഉം സംഘടിപ്പിച്ച് നിയമാനുസൃത സമയ പരിധികൾ ലംഘിച്ച് പകലും രാത്രിയും Torturing അതിരൂക്ഷമാക്കുകയും; **ഓണം, വിഷു തുടങ്ങിയ ആഘോഷ വേളകളിൽ** സ്വന്തം ഭവനങ്ങളിൽ സ്വൈര്യമായി Living, Sleeping, Reading, Listening-TV/Radio, Answering Telephone, Doing jobs required concentration, Attending Guests തുടങ്ങിയ കാര്യങ്ങൾ സാധ്യമല്ലാത്ത വിധം ദുഷിച്ച അന്തരീക്ഷം സൃഷ്ടിച്ച് ജീവിതം നരക തുല്ല്യമാക്കി മനഃപൂർവ്വം ദ്രോഹിക്കുകയും ചെയ്യുന്നു.

മേൽ വിവരിച്ച കാര്യങ്ങൾ ഗൗരവത്തോടെ കണ്ട് **ആഘോഷ വേളകളിലും** അല്ലാത്തപ്പോഴും സ്വന്തം ഭവനത്തിൽ സ്വൈര്യമായി ജീവിക്കാനുള്ള മനുഷ്യാവകാശത്തിൽ കടന്നുകയറ്റം നടത്തിയുള്ള **മനഃപൂർവ്വ പീഡനം** ശാശ്വതമായി അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് സംരക്ഷണം നൽകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours Faithfully,

Encl:- Copy of Kerala Govt. Gazette Notification for implementing the Noise Pollution Rules-2000.